"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. രാജഗോപാലൻ. എം, വ്യവസായ വികസന ഓഫീസർ - ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.665/2026/ID തീയതി,തിരുവനന്തപുരം, 19-06-2026

പരാമർശം:-

1. പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ 27/05/2025-ലെ DICPKD/10589/2019-E1 നമ്പർ നടപടിക്രമം.
2. ശ്രീ. എം.രാജഗോപാലന്റെ 22/04/2025-ലെ അവധി അപേക്ഷ
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 10/09/2025, 25/03/2026, 06/06/2026 തീയതികളിലെ ഡിഐസി/2463/2025-ഇസി4 നമ്പർ കത്തുകൾ

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിൽ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിലെ ചിറ്റൂർ താലൂക്ക് വ്യവസായ ഓഫീസിലെ ചിറ്റൂർ ബ്ലോക്ക് വ്യവസായ വികസന ഓഫീസറായ ശ്രീ.രാജഗോപാൽ.എം-ന് പരാമർശം(1) പ്രകാരം അനുവദിച്ചിരുന്ന 02.06.2025 മുതൽ 03.10.2025 വരെ 124 ദിവസത്തെ ആർജിതാവധിയ്ക്കും 04.10.2025 മുതൽ 12.12.2025 വരെ 70 ദിവസത്തെ പരിവർത്തിതാവധിയ്ക്കും തുടർച്ചയായി 13.12.2025 മുതൽ 30.11.2026 വരെ 353 ദിവസത്തേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ ശൂന്യവേതനാവധി അനുവദിച്ച് നല്കണമെന്ന ശ്രീ. രാജഗോപാൽ.എം-ന്റെ പരാമർശം (2) -ലെ അപേക്ഷ പരാമർശം (3) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. വ്യവസായ വാണിജ്യ വകുപ്പിൽ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിലെ ചിറ്റൂർ താലൂക്ക് വ്യവസായ ഓഫീസിലെ ചിറ്റൂർ ബ്ലോക്ക് വ്യവസായ വികസന ഓഫീസറായ ശ്രീ.രാജഗോപാൽ.എം-ന് ടിയാന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഗണിച്ച് 13.12.2025 മുതൽ 30.11.2026 വരെ 353 ദിവസത്തേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ, അവധി കാലയളവ് ആർജിതാവധിയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. രാജഗോപാലൻ. എം (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha B
Date: 19-06-2026 16:49:20